**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 945 **30.06.2015** ലെ മറുപടിക്ക്

**തരൂർ മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.കെ.ബാലൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ തരൂർ മണ്ഡലത്തിൽ ഉൾപ്പെടുത്തിയ കോളനികളുടെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ | (എ) | ഉണ്ട്.<br>വടക്കഞ്ചേരി കിഴക്കേത്തറ കോളനിയിൽ പദ്ധതിയുടെ പുരോഗതി ഇപ്രകാരമാണ് :<br>● സൈഡ് പ്രൊട്ടക്ഷൻ വർക്ക് പൂർത്തീകരിച്ചു.<br>● 600 മീറ്റർ കോൺക്രീറ്റ് റോഡ് പൂർത്തീകരിച്ചു - ബാക്കിയുള്ള 200 മീറ്റർ റോഡ് പ്രവൃത്തികൾ നടന്നു വരുന്നു.<br>● വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി.<br>● പൈപ്പ് ലൈൻ വർക്കുകൾ പൂർത്തിയാക്കി<br>● ബയോഗ്യാസ് പ്ലാന്റുകൾ IRTC മുഖാന്തിരം ഉടൻ നടപ്പിലാക്കുമെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്<br>തരൂർ മണ്ഡലത്തിലെ എടത്തിൽ കോളനിയിൽ പദ്ധതി പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ വിശദമാക്കുമോ ; | (ബി) | 1. വടക്കാഞ്ചേരി കിഴക്കേത്തറ കോളനി :- പദ്ധതിക്ക് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് 65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 56 ലക്ഷം രൂപ ചെലവാക്കിയതായി ഏജൻസി അറിയിച്ചിട്ടുണ്ട്.<br>2. എടത്തിൽ കോളനി :- സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 25 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതേയുള്ളൂ |
| (സി) | ഓരോ കോളനിയിലും നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന വിശദാംശങ്ങളും നൽകുമോ? | (സി) | **വടക്കാഞ്ചേരി കിഴക്കേത്തറ കോളനി :-**<br>● സൈഡ് പ്രൊട്ടക്ഷൻ വർക്ക് പൂർത്തീകരിച്ചു.<br>● 600 മീറ്റർ കോൺക്രീറ്റ് റോഡ് പൂർത്തീകരിച്ചു.<br>● വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി.<br>● പൈപ്പ് ലൈൻ വർക്ക് പൂർത്തിയായി.<br>പദ്ധതി ജൂൺ മാസം അവസാനം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**എടത്തിൽ കോളനി:-**<br>പദ്ധതി പ്രവർത്തനങ്ങൾ 20.06.2015-ന് ആരംഭിക്കുവാനായി നടപടികൾ കൈകൊണ്ടിട്ടുണ്ട്. |
| (ഡി) | കാവശ്ശേരി പഞ്ചായത്തിലെ ഇടത്തിൽ കോളനി വികസനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ: ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. ഒന്നാം ഗഡു തുക 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ